# ARISE

Students Magazine

The fragrance of flowers spreads
only in the direction of the wind.
But the goodness of a person spreads in
all directions.
-chanakya-


സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ, മാന്ദാമംഗലം
മാന്ദാമംഗലം.പി.ഒ, തൃശ്ശൂർ - 680 014, ഫോൺ : 0487 2689955
www.stsebastianshs.com, stsebastianshs@gmail.com

സാങ്കേതികവിദ്യ അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആ മികവിനൊപ്പം നമ്മുടെ വിദ്യാർത്ഥി സമൂഹവും വളർന്നു വരണമെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റിന്റെ എല്ലാ ചുവടുവെയ്പ്പുകൾക്കും അഭിനന്ദനങ്ങൾ. ഒപ്പം മാന്ദാമംഗലം സെന്റ്.സെബാസ്റ്റ്യൻസ് അണിയിച്ചൊരുക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും ആശംസകളും നേർന്നുകൊള്ളുന്നു.

ജോഫി.സി.മഞ്ഞളി
ഹെഡ്മാസ്റ്റർ

# വട്ടൻവണ്ടും ചിലന്തിവീടും



ഒരു മരത്തിലെ പൊത്തിനുള്ളിലാണ് വട്ടൻവണ്ടിന്റെ താമസം മറ്റുള്ളവരെ അവൻ എപ്പോഴും കളിയാക്കും.

ഒരു ദിവസം ആ മരക്കൊമ്പിലേയ്ക്ക് ഒരു പുതിയ താമസക്കാരനെത്തി വില്ലൻ ചിലന്തി! വന്നപാടെ വില്ലൻ ചിലന്തി മരത്തിൽ വീടുണ്ടാക്കാൻ തുടങ്ങി.

അപ്പോൾ വട്ടൻവണ്ട് മൂളിപ്പറന്നെത്തി അവൻ വില്ലൻ ചിലന്തിയെ കളിയാക്കി " അയ്യേ, ഈ പഴഞ്ചൻ വലയാണോ തന്റെ വീട് ".

വണ്ടിന്റെ വമ്പുപറച്ചിലൊന്നും വില്ലൻ ചിലന്തി കാര്യമായെടുത്തില്ല. വില്ലൻ ഉ ത്സാഹത്തോടെ തന്റെ വീടിന്റെ പണി തുടർന്നു. ചിലന്തി വലയ്ക്കുചുറ്റും മൂളിപറക്കുകയായിരുന്ന വട്ടൻ വണ്ട് അറിയതെ വലയിൽ കുടുങ്ങിപോയി അത്രയും നേരം പാവത്താനായിരുന്ന വില്ലൻ ചിലന്തിയുടെ ഭാവവും അതോടെ മാറി! വലയിൽ കുടുങ്ങി വട്ടം കറങ്ങുന്ന വട്ടൻവണ്ടിനു നേരെ വില്ലൻ ചിലന്തി പാഞ്ഞടുത്തു. വട്ടന് അപ്പോൾ മാത്രമാണ് ചിലന്തി വീട്ടിലെ പണി പിടികിട്ടിയത്. വില്ലൻ ചിലന്തിയുടടെ പിടിയിലായ വട്ടൻ വണ്ട് ഹമ്മോ...... ഹമ്മോ.... എന്ന് നില വിളിക്കാൻ തുടങ്ങി.

വട്ടനും വില്ലനും തമ്മിലുള്ള മൽപിടുത്തത്തിനിടയിൽ ഭാഗ്യം! ചിലന്തി വല പൊട്ടി നിത്തുവീണു. ആ തക്കം നോക്കി വട്ടൻ വണ്ട് ഒരു കണക്കിന് വില്ലൻ ചിലന്തിയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടു. അതിനുശേഷം അവൻ ആരെയും കളിയാക്കുവാൻ പോയിട്ടില്ല.

Aleena reji

# നല്ല സുഹൃത്ത്

ഒരു ദിവസം കാട്ടിൽ ഒരു ഭയങ്കരയുദ്ധം നടക്കുകയായിരുന്നു. രണ്ടു കാട്ടാനകൾ തമ്മിലായിരുന്നു യുദ്ധം. കാട്ടിലെ മറ്റു മൃഗങ്ങൾ ഇത് കണ്ട് കുറച്ച് മാറിനിൽക്കുകയായിരുന്നു. ഇവരെ പിന്തിരിപ്പിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. കാട്ടിലെ രാജാവായ സിംഹം പോലും അകന്നു നിൽക്കുകയാണ് എന്തു ചെയ്യും ? കുറച്ചുനേരം കൂടി ഇതുതുടർന്നാൽ രണ്ടും മരിച്ചുപോകും അപ്പോൾ എന്താണു ചെയ്യുക. അപ്പോൾ ഒരു പാമ്പ് അവരുടെ അടുത്തുവന്ന് ഇങ്ങനെ പറഞ്ഞു "ഏയ് ചങ്ങാതിമാരേ നിങ്ങളുടെ ഈ യുദ്ധം നിർത്തു. തലയിൽ നിന്നും ചോരവരുന്നത് കണ്ടില്ലേ..? നിങ്ങളുടെ വഴക്ക് നമുക്ക് പറഞ്ഞ് തീർക്കാനേ ഒള്ളൂ" പാമ്പിന്റെ ഉപദേശം ആ രണ്ടു പേരും തള്ളികളഞ്ഞു. അവർ രണ്ടുപേരും പാമ്പിനെ ഭയപ്പെടുത്തി. എന്നിട്ടുപറഞ്ഞു "ഒരു ഉപദേശി വന്നിരിക്കുന്നു. അടയ്ക്കയോളം വലുപ്പമുള്ള നിന്റെ വാക്ക് കേട്ട് ഞങ്ങൾ യുദ്ധം നിർത്തണമെന്നോ...? നിന്റെ ഉപദേശം കേട്ട് പിന്മാറുന്നതിനേക്കാൾ നല്ലത് ഞങ്ങൾ തല്ലി ചാകുന്നതല്ലേ....?" ആനകൾ അവനെ പുച്ഛിച്ചുകൊണ്ട് പോരാട്ടം പിന്നെയും തുടർന്നു. അല്പസമയത്തിനുള്ളിൽ അവർ മരിച്ചുവീണു. ഇതുകണ്ട് തൊട്ടടുത്തിരുന്ന പ്രാവ് ഇങ്ങിനെ പറഞ്ഞു. പാമ്പിന്റെ വാക്കു കേട്ടിരുന്നെങ്കിൽ ഇവർക്ക് ഇങ്ങനെയൊരു ദുർഗ്ഗതി വരുമായിരുന്നോ....? നല്ല സുഹൃത്തുക്കളുടെ ഉപദേശം നാം കേൾക്കുന്നത് നല്ലതാണ്

Alisha Shaji

## വെയിലു വേണോ ? മഴ വേണോ ?

ഒരിക്കൽ വെയിലും മഴയും ഒരു വയലിൽ വച്ച് കണ്ടുമുട്ടി. "എന്നെയാണ് ജനങ്ങൾക്ക് ഏറ്റവും ഇഷ്ടം, അലക്കിയിട്ട വസ്ത്ര ങ്ങൾ ഉണക്കാനും ധാന്യങ്ങൾ ഉണക്കാനും ആളുകൾക്ക് എന്നെ യാണ് ആവശ്യം" വെയിൽ അഹങ്കാരത്തോടെ പറഞ്ഞു. "അതേ കേട്ടപ്പോൾ മഴ പറഞ്ഞു എന്നെയാണ് അതിലും ആവശ്യം വിത്തു കൾ മുളയ്ക്കാനും കുടിവെള്ളം കിട്ടാനും മനുഷ്യർക്ക് മഴ വേണ്ടേ?" "എന്നാൽ അതൊന്നു നോക്കാമല്ലോ" വെയിൽ പറഞ്ഞു. "ശരി അങ്ങിനെ തന്നെ" എന്ന് പറഞ്ഞ് മഴ പെയ്യാൻ ആരംഭിച്ചു. അപ്പോൾ ജനങ്ങൾ ഉണക്കാനിട്ടിരുന്ന ധാന്യങ്ങളും തുണികളു മെല്ലാം നനഞ്ഞു. അവർ മഴയെ പ്രാകി, മഴ ദു:ഖത്തിലായി പിന്നെ വളരെക്കാലം പെയതതേയില്ല. കൃഷി നശിച്ചു, കുടിവെള്ളം കിട്ടാതെ ജനങ്ങൾ കഷ്ടപ്പെട്ടു. ജനങ്ങൾ മഴയ്ക്ക് വേണ്ടി പ്രാർത്ഥന തുടങ്ങി. അതുകേട്ട് മഴ വീണ്ടു പെയ്യാൻ തുടങ്ങി. അപ്പോൾ ജനങ്ങൾ പറഞ്ഞു ഞങ്ങൾക്ക് നിങ്ങൾ രണ്ടുപേരെയും ഒരുപോലെ ആവശ്യമാണ്. ആരും പിണങ്ങിപോകരുത്. അതുകേട്ട വെയിലും മഴയും അന്നുമുതൽ നല്ല കൂട്ടുകാരായി.

## <u>പ്രകൃതി</u>

പ്രകൃതിയെന്നമ്മയെ കാണുന്നമാത്രയിൽ<br>
ഉള്ളിനുള്ളിൽ കോരിത്തരിപ്പാണെനിക്ക്<br>
ആ അമ്മയുടെ ദയനീയാവസ്ഥ കാണുമ്പോൾ–

ഉള്ളിനുള്ളിൽ എപ്പോഴും രോഷമാണെനിക്ക്
എത്ര മനോഹരിത നിറഞ്ഞവളായിരുന്നു അവൾ
എന്നുടെ അമ്മയാണവൾ
എന്നുടെ ശക്തിയാണവൾ
ജന്മം തന്നില്ലെങ്കിലും
എന്നുടെ അമ്മയാണവൾ
കാറ്റിൻ കൈകളാൽ എന്നെ തലോടി
അമ്മയുടെ വാത്സല്യം എന്നിൽ നിറച്ചവൾ
എങ്കിലും എല്ലാം
നന്മയ്ക്കായ് ത്യജിക്കുന്നു സഹിക്കുന്നു
ഒന്നുമറിയാത്ത ആ സഹനശക്തിയായ പ്രകൃതി

Aneesha chacko

## കുക്കുവിന് പറ്റിയ പറ്റ്

ഒരിക്കൽ കുക്കുക്കുറുക്കൻ കാട്ടിൽ നിന്നും ഇറങ്ങി നാട്ടിലെത്തി എന്നിട്ട് ഒരു വീട്ടിൽ കയറി ഒരു കുട്ടിയുടെ ഷൂ തട്ടിയെടുത്തു. "ഇതു കൊള്ളാം!" ഇതിട്ട് ഒന്ന് ചുറ്റിയടിച്ചിട്ടുതന്നെ കാര്യം. കുക്കു ഷൂസുമായി നേരെ കാട്ടിലേയ്ക്ക് പാഞ്ഞു. കാട്ടിലെത്തിയ കുക്കു ഷൂസിട്ടു എന്നിട്ട് എല്ലാവരോടും പറഞ്ഞു " ഹി ! ഹി ! എനിക്ക് ഷൂസ് കിട്ടിയേ !" പെട്ടെന്ന് കുക്കു മുന്നോട്ട് നീങ്ങി! കുട്ടികൾ സ്കേറ്റിംങ്ങിന് ഇടുന്ന ചക്രമുള്ള ഷൂസ് ആയിരുന്നു അത്. " ഹയ്യോ, ഇത് നിർത്താൻ പറ്റുന്നില്ലേ!" കുക്കു കുതിച്ചുപാഞ്ഞു

“ഹയ്യോ!” ആരേലും ഒന്ന് പിടിച്ചു നിർത്തണേ, രക്ഷിക്കണേ കുക്കു കരഞ്ഞുപറഞ്ഞു. പാഞ്ഞുപോയ കുക്കു നേരെ ചെന്നു വീണത് സിംഹത്താൻ ഗോരുവിന്റെ ഗുഹയിലേക്കാണ്. “ഹയ്യോ! സിംഹം!”, സിംഹം ദേഷ്യത്തോടെ കുറുക്കനെ എടുത്തെറിഞ്ഞു. വീണതോ തൊട്ടടുത്തുള്ള കുളത്തിൽ ‘ബ്ളും’ വെള്ളത്തിൽ വീണതും കുക്കു ഷൂ ഊരിമാറ്റി. മറ്റുള്ളവരുടെ സാധനങ്ങൾ എടുത്ത് നോക്കിയതാ കുഴപ്പമായത്.

Arya K J

# കവിത

ഏകമായി നീ സർവ്വമായി
ഉയരുന്നു നീ ഏകമായി, വിനാശ–
മായെൻ ഏകാന്തതയേ...
        ഉയരുന്നു നീയാ ഗിരികളിൽ നിന്നും
        ഉണർത്തുന്നു നീ യാ മനോഹാരിതയെ
രാത്രിതൻ അന്ധകാരത്തിൽ നിഗൂഢതയെ
നിൻ ചെറുകിരണങ്ങളാൽ അകറ്റി
പ്രഥ്വി തൻ ചൈതന്യമായ് സ്വയം
ഉദിച്ചുയരുന്നു തൻ പ്രഭാതമായി
        സ്വയം രാഗവും ഒരോന്നായി മാറി
        നിന്നാഗമനം ധന്യമായി തീർക്കുന്നു
        നിന്നിലായി ആരംഭമാകുമെൻ പ്രഭാതം
        നിന്നിൽ തന്നയായി അസ്തമിക്കുന്നു.

സ്വയം ഉദിക്കുവാൻ എൻ ലോകം
നിന്റെ ഉദിപ്പിനെ കാത്തിരിക്കുന്നു
നീ സ്വയം രാവായി മാറി തൻ
രാവിന്റെ ശോഭ നിന്നിലായിതിളങ്ങി
    അന്ധകാരത്തിൻ രാത്രികളേയും ശൈത്യമാം
    മടിത്തട്ടിനെയും അകറ്റി നീ ഏക വെളിമായി ഉയരുന്നു
കിളികൾ തൻ സ്വരം നിൻമിഴികളാകുന്നു
ലോകത്തിൻ ജീവനുകൾ നിന്നിലായിതീരുന്നു
    നീ സ്വയം ലോകമായി തീരുന്നു
    നീ സ്വയം പ്രഭാതമായി തീരുന്നു

Devika Raj C R

# വിദ്യ

വിത്തമെന്തിനു മർത്ത്യനു–
വിദ്യ കൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്–
വേറിട്ടുകരുതണമോ ?
വിദ്യവിട്ടു നരന്നാമോ–
വിശ്വാദര വാഴുവാൻ ?

    ആയുധം കൈയിലോരാത്തോ
    നടരാടവതെങ്ങനെ ?

പുറക്കണ്ണു തുറപ്പൂ-
പുലർ വേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാ-
നാശാൻ ബാല്യത്തിലെത്തണം.

# രാജകുമാരി പഠിപ്പിച്ച പാഠം

ഉദയ്പുരയിലെ വിജയവർധൻ രാജാവിന്റെ പുത്രിയാണ് വസന്തി അവളുടെ വിരലിൽ ഒരു മാന്ത്രികമോതിരം ഉണ്ട്. മുത്തച്ഛൻ രാജ്യവർധൻ മഹാരാജാവ് മരിക്കുമ്പോൾ നൽകിയ സമ്മാനമാണത് അത്ഭുതശക്തിയുള്ള മോതിരമായിരുന്നു അത്. രൂപം മാറ്റാൻ കഴി വുള്ള മോതിരം ആരുടേയും മുഖത്ത് നോക്കി ആനയാവട്ടെ എന്ന് പറഞ്ഞാൽ അയാൾ ആനയാവും, കല്ലാവട്ടെ എന്നു പറഞ്ഞാൽ കല്ലായി മാറും.

സമ്മാനം വാങ്ങി പുറത്തിറങ്ങിയ രാജകുമാരി ഒരു തോഴിയോ ടുപറഞ്ഞു “വാ, നമുക്കു കളിക്കാൻ പോകാം”

“അയ്യോ! മുത്തച്ഛൻ മരിച്ചു കിടക്കുമ്പോൾ കളിക്കാൻ പാടില്ല” തോഴി പേടിയോടെ പറഞ്ഞു. വസന്തിക്ക് ദേഷ്യം വന്നു. “ ഹും... എന്നെ ധിക്കരിക്കുന്നോ? നിന്നെ ഞാൻ കുരങ്ങനാക്കും” പറയേണ്ട താമസം ആ പാവം കുട്ടി കുരങ്ങനായി.

മറ്റൊരു ദിവസം രാജകുമാരി തോഴിമാർക്കൊപ്പം ഉദ്യാന ത്തിൽ കളിക്കുകയായിരുന്നു. അവിടെ പൂക്കൾ നിറഞ്ഞ പൊയ്കയ്ക്കു നടുവിൽ ഒരു നീലതാമര വിരിഞ്ഞു നിൽക്കുന്നത് അവൾ കണ്ടു.

രാജകുമാരി കൂട്ടുകാരിയോട് പറഞ്ഞു " താര കുളത്തിലിറങ്ങി ആ താമര പറിച്ചു തരൂ" കുമാരി ആജ്ഞാപിച്ചു.

" അയ്യോ കുമാരി എനിക്ക് നീന്താനറിയില്ല. " താര പറഞ്ഞു എന്നെ അനുസരിക്കില്ലേ ? നീയൊരു കൽപ്രതിമയാകട്ടെ വസന്തി പറയേണ്ട താമസംതാര കല്ലായി മാറി തോഴിമാർ പേടിച്ചുപോയി

മറ്റൊരുദിവസം വസന്തിയും കൂട്ടുകാരും കാട്ടിൽ കളിക്കുകയായിരുന്നു അപ്പോഴാണ് കറുപ്പും, ചുവപ്പും വെളുപ്പുമുള്ള പുള്ളികളുള്ള ഒരു മുയൽ അവരുടെ മുന്നിലൂടെ ഓടിയത്.

"ഹായ് സന്ധ്യ എനിക്കാ മുയലിനെ പിടിച്ചു തരൂ രാജകുമാരി കൽപിച്ചു."

"അയ്യോ എന്തു വേഗത്തിലാ മുയൽ ഓടുന്നത് ഞാനനെങ്ങനെ അതിനെ പിടിക്കും ? " സന്ധ്യകരഞ്ഞുപോയി

"ഹും ധിക്കാരി എങ്കിൽ നിന്നെ ഞാൻ ഒരു മുയലാക്കും"

പറയേണ്ട താമസം സന്ധ്യ മുയലായിമാറി. വസന്തി മുയൽ കുഞ്ഞിനെ ചെവിയിൽ പിടിച്ച് തൂക്കി പൊട്ടി ചിരിച്ചു.

പിന്നെ പലരേയും രാജകുമാരി പട്ടിയും പൂച്ചയും കിളിയുമൊക്കെയാക്കി. അതോടെ കുട്ടികൾക്ക് അവളോടൊപ്പം കളിക്കാൻ പോകാൻ പേടിയായി. പലരെയും അമ്മമാർ വീട്ടിൽ പിടിച്ചുവച്ചു. രാജകുമാരിക്ക് കൂടെ കളിക്കാൻ ആരേയും കിട്ടാതായി അവൾ അച്ഛനോടും അമ്മയോടും പരാതി പറഞ്ഞു.

അവരോട് ദുഷ്ടത്തരം കാട്ടിയില്ലേ? എല്ലാവർക്കും നിന്നെ പേടിയാണ് അമ്മറാണി പറഞ്ഞു. രാജകുമാരിക്ക് തെറ്റ് മനസ്സിലായി.

എല്ലാവരേയും പഴയ രൂപത്തിലാക്കാൻ അവൾ മോതിരത്തോട് പറഞ്ഞു. അതോടെ പെൺകുട്ടികൾക്കെല്ലാം അവരുടെ പഴയ രൂപം തിരിച്ചു കിട്ടി. പക്ഷേ അവരാരും വസന്തിയോടു കൂട്ടുകൂ

ടാൻ പോന്നില്ല. വസന്തി എല്ലാവരോടും മാപ്പു പറഞ്ഞു. എന്നിട്ടി ആ മോതിരം പുഴയിലേയ്ക്ക് വലിച്ചെറിഞ്ഞു. തോഴിമാർക്ക് മനസ്സി ലായി അവൾ അവളുടെ തെറ്റുമനസ്സിലാക്കി എന്ന്. അവർ വീണ്ടും വസന്തിയോട് കൂട്ടുകൂടാനും കളിക്കാനും തുടങ്ങി.

## ബുദ്ധിശാലിയായ സിംഹം

ഒരിടത്ത് ഒരു കാട്ടിൽ സിംഹം ഉണ്ടായിരുന്നു. ആ സിംഹത്തെ അവിടെയുള്ള എല്ലാ മൃഗങ്ങൾക്കും ഇഷ്ടമായിരുന്നു. പേടിയുണ്ടാ യിരുന്നില്ല. കാരണം ആ സിംഹം എല്ലാവരേയും സഹായിച്ചിരുന്നു. തിരിച്ച് സിംഹത്തിനേയും എല്ലാവരും സഹായിച്ചിരുന്നു. സിംഹ ത്തിന് വിശക്കുമ്പോൾ എല്ലാ മൃഗങ്ങളും എന്തെങ്കിലും ചത്ത ജീവി യുടെ മാംസം തപ്പി പിടിച്ച് കൊണ്ടുകൊടുക്കും. അങ്ങനെ ആ കാട്ടിലുള്ളവർ സന്തോഷമായി ജീവിച്ചു. ഒരു ദിവസം ആ കാട്ടി ലൂടെ ഒരു കുറുക്കൻ നടന്നുപോയി അങ്ങനെ ആ കുറുക്കൻ ഒരു ഗുഹ കണ്ടു ആ ഗുഹയിൽ കയറി വിശ്രമിച്ചിട്ട് പോകാം എന്ന് കുറുക്കൻ ചിന്തിച്ചു. അപ്പോൾ ആ ഗുഹയുടെ ഉള്ളിൽ ഒരു സിംഹം കിടന്ന് ഉറങ്ങുന്നത് കണ്ടു. സിംഹത്തെ കണ്ട് കുറുക്കൻ പേടിച്ച് നിലവിളിച്ചു. പേടിക്കണ്ട ഞാൻ നിന്നെ ഒന്നും ചെയ്യില്ല എന്ന് സിംഹം പറഞ്ഞു. കുറുക്കന് സമാധാനമായി അങ്ങനെ കുറു ക്കനും സിംഹവും കൂട്ടുകാരായി. അവിടെയുള്ള എല്ലാ മൃഗങ്ങ ളേയും കുറുക്കന് സിംഹം പരിചയപ്പെടുത്തി കൊടുത്തു. കുറച്ച് ദിവസം കൊണ്ട് കുറുക്കൻ അവിടെയുള്ള എല്ലാ കാര്യവും മനസ്സി ലാക്കി.

ഒരു ദിവസം കുറുക്കൻ സിംഹത്തോട് ചോദിച്ചു. "നീ എന്തിനാണ് വല്ലപ്പോഴും ആ മാംസം കഴിക്കുന്നത് ? നിനക്ക് എന്നും മാംസം കഴിച്ചുകൂടെ നിന്റെ ശരീരം തന്നെ ഒന്നു നോക്കൂ കുറച്ച് മാംസം മാത്രം കഴിച്ചതിനാൽ നീ ആകെ ക്ഷീണിതനാണ് എന്നും മാംസം മാത്രം കഴിച്ചാൽ നീ നല്ല ബലമുള്ളവനായി മാറും." സിംഹം ചിന്തിച്ചു ഇവൻ പറയുന്നതിലും കാര്യമുണ്ട് എന്റെ ശരീരം ആകെ ക്ഷീണിച്ചു. സിംഹം പറഞ്ഞു "നീ പറഞ്ഞത് ശരിയാണ് ഞാൻ നാളെ തന്നെ ഇവിടെയുള്ള എല്ലാ മൃഗങ്ങളേയും ഓരോ ദിവസം കൊന്നു തിന്നേക്കാം." "അതിലെ ഒരു പങ്ക് എനിക്ക് തരണം" എന്ന് കുറുക്കൻ പറഞ്ഞു. "ശരി, ചങ്ങാതി നിനക്ക് ഞാൻ പിടിക്കുന്ന മൃഗത്തിന്റെ പങ്ക് തരാം." രാത്രി കുറുക്കൻ ഉറങ്ങിയ സമയം നോക്കി സിംഹം അവിടെയുള്ള എല്ലാ മൃഗങ്ങളേയും വിളിച്ച് കുറുക്കൻ പറഞ്ഞകാര്യം പറഞ്ഞു. അതിന് കുറുക്കനെ ഇവിടെ നിന്ന് ഓടിപ്പിക്കാൻ വേണ്ടി സിംഹം നല്ല മാർഗ്ഗം പറഞ്ഞുകൊടുത്തു.

രാവിലെ ആയപ്പോൾ സിംഹത്തോട് ചോദിച്ചു "നീ ഇന്ന് വേട്ടയ്ക്ക് പോകുന്നില്ലേ ?" "ഉണ്ട് ചങ്ങാതി പക്ഷെ നീയും എന്റെ കൂടെ വേട്ടയ്ക്ക് വരുമോ?" സിംഹം ചോദിച്ചു. "വരാം" സിംഹം പറഞ്ഞതനുസരിച്ച് ഒരു മുയൽ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. സിംഹത്തോട് കുറുക്കൻ പറഞ്ഞു "അതാ, ചങ്ങാതി ഒരു മുയൽ ഇരിക്കുന്നു." മുയൽ സിംഹത്തെ കണ്ടപ്പോൾ ഓടി പിന്നാലെ സിംഹവും പതുക്കെ ഓടി കുറുക്കനും കുറെ കഴിഞ്ഞപ്പോൾ മുയലിനേയും സിംഹത്തിനേയും കാണാനില്ല. അവന് ആകെ പേടിയായി അവൻ പെട്ടന്ന് പുറകിലേയ്ക്ക് തിരിഞ്ഞുനോക്കി പുറകിലേയ്ക്ക് പുറകിലേയ്ക്ക് നീങ്ങി. അവിടെ ഒരു തടാകമുണ്ടായിരുന്നു അത് അവൻ കണ്ടില്ല. കുറുക്കൻ അതിൻ വീണ് താണുപോയി പിന്നെ ആ കാട്ടിലുള്ള മൃഗങ്ങൾ സന്തോഷമായി ജീവിച്ചു.

amrutha mm

# വഴക്കടിച്ച് വലയിലായി

ഒരിടത്ത് രണ്ട് പൂമ്പാറ്റകളുണ്ടായിരുന്നു ചിന്നിയും മിന്നിയും വലിയ അഹങ്കാരികളായിരുന്നു രണ്ടുപേരും. ഒരു ദിവസം ചിന്നി പൂമ്പാറ്റയും മിന്നി പൂമ്പാറ്റയും പൂന്തോട്ടത്തിലൂടെ പറന്നു നടക്കു കയായിരുന്നു. അപ്പോൾ ചിന്നി പൂമ്പാറ്റ വലിയ ഗമയിൽ പറഞ്ഞു " ഞാനാണ് ഈ ലോകത്തിലെ ഏറ്റവും മിടുക്കി എനിയ്ക്ക് എല്ലാ വരേക്കാളും വേഗത്തിൽ പറക്കാൻ കഴിയും". ചിന്നി പറഞ്ഞത് മിന്നി പൂമ്പാറ്റയ്ക്ക് ഇഷ്ടമായില്ല. ഹും നിന്നേക്കാൾ വേഗത്തിൽ ഞാൻ പറക്കും മിന്നി പറഞ്ഞു. അങ്ങനെ രണ്ടുപേരും തമ്മിൽ വഴ ക്കായി. വഴക്കു മൂത്തപ്പോൾ മിന്നി പൂമ്പാറ്റ പറഞ്ഞു നമുക്കൊരു പറക്കൽ മത്സരം നടത്താം ആരാണ് ജയിക്കുന്നതെന്ന് അറിയാ മല്ലോ? ശരി മത്സരമെങ്കിൽ മത്സരം പക്ഷെ ജയിക്കുന്നത് ഞാനായി രിക്കും ചിന്നി പറഞ്ഞു. പിന്നെ താമസ്സിച്ചില്ല. റെഡി വൺ, ടു, ത്രീ രണ്ടുപേരും കണ്ണുമടച്ച് ഒറ്റ പറക്കൽ അപ്പോൾ എന്തുപറ്റി യെന്നോ മുന്നിലുണ്ടായിരുന്ന വലിയ ചിലന്തി വല അവർ കണ്ടില്ല. ചിന്നിയും മിന്നിയും ചിലന്തി വലയിൽ കുടുങ്ങി. എത്ര നോക്കി യിട്ടും അവർക്ക് രക്ഷപെടാൻ പറ്റിയില്ല. ഇനിയെന്തു ചെയ്യും രണ്ടു പേരും പേടിച്ച് കരയാൻ തുടങ്ങി അപ്പോഴാണ് ഒരു കുഞ്ഞിക്കിളി അതിലെ വന്നത്. കുഞ്ഞിക്കിളി ചിന്നിയേയും മിന്നിയേയും വലയിൽ നിന്നും രക്ഷിച്ചു. വഴക്കു കൂടിയാൽ കുഴപ്പമാണെന്ന് ചിന്നിക്കും മിന്നിക്കും മനസ്സിലായി പിന്നീട് ഒരിക്കലും അവർ വഴക്കുകൂടിയിട്ടി ല്ല.

Athul krishnan m s

## സന്തോഷത്തിന്റെ രഹസ്യം

ദർമൻ എന്ന യുവാവ് ഒരു ദിവസം വിവേകൻ എന്ന ഗുരുവിനെ കാണുവാൻ പോയി അവൻ അദ്ദേഹത്തോട് പറഞ്ഞു ഗുരോ എനിക്ക് എപ്പോഴു വിഷമമാണ് ഒരു കാര്യത്തിലും എനിക്ക് സന്തോഷമില്ല. ആദ്യമൊക്കെ പണം കിട്ടുമ്പോൾ സന്തോഷമുണ്ടാകും. ഇതെല്ലാം ശ്രദ്ധയോടെ കേട്ടിട്ട് ഗുരു പറഞ്ഞു ഇന്ന് രാത്രി നീ ഗംഗാനദിയുടെ തീരത്ത് പോയിരിക്കുക നിനക്ക് ഒരു സന്തോഷ വാർത്തയുണ്ടാകും. ഗുരു പറഞ്ഞത് കേട്ടിട്ട് ദർമൻ നദീതീരത്ത് പോയിരുന്നു. ഏറെ നേരം കഴിഞ്ഞിട്ടും ഗുരുവിനെ കാണാതെ അവൻ കല്ലുകൾ എറിഞ്ഞുകൊണ്ടിരുന്നു ഇത് കണ്ട് വന്ന ഗുരു പറഞ്ഞു ആദ്യം ഇവിടെ ഒരു രത്ന ഖനിയായിരുന്നു അവിടത്തെ ഉപേക്ഷിക്കുന്ന രത്നങ്ങളാണ് നീ എറിഞ്ഞ് കളഞ്ഞത്. നിരാശയും ആർത്തിയും കാരണം അവയുടെ തിളക്കം നീ കണ്ടില്ല. ക്ഷമയും അധ്വാനവും ഉണ്ടെങ്കിൽ നിന്റെ ജീവിതം വിജയമാകും

Abhishek k v

## ലോകം മാറുന്നു

ലോകം ആകെ മാറിമറന്നുകൊണ്ടിരിക്കുന്നു
നീതിയില്ല ന്യായമില്ല.....
താളം തെറ്റിയിരിക്കുകയാണ്
ഇനി എന്തുചെയ്യും

ഇനി എങ്ങിനെ മാറ്റി മറിക്കും
നമ്മുടെ ലോകത്തെ
പറയാനാവില്ല...
ഫാഷൻ അടിമകളായി
മനുഷ്യവർഗ്ഗത്തിന്റെ തലമുറകളെ
പൂട്ടിയിട്ടിരിക്കുകയാണ്
മണ്ണിലെ മനോഹാരിത മാഞ്ഞുപോയി
മതത്തിനുവേണ്ടി അടിപിടിയുണ്ടാക്കുന്നവരേയും
മനുഷ്യവർഗ്ഗത്തെ തമ്മിൽ
തെറ്റിക്കുവാൻ
ഇറങ്ങിയിരിക്കുന്ന മയക്കുമരുന്നുകൾ
പ്രതിഷേധം ഉയർത്തുക ആളിക്കത്തട്ടെ
മനുഷ്യന്റെ വസ്ത്രം അന്വേഷ്യമായിടുക
നമ്മുടെ രാജ്യത്തെ സംരക്ഷിക്കുക
നമ്മുടെ നാടിനെ രക്ഷിക്കുക

Alna Shibi

## മായുന്ന ബാല്യകാലം (കവിത)

നക്ഷത്രകണ്ണുകൾ ചിമ്മിതുറക്കുന്ന
നീല നിലാവിലെ രാവുകളും
സൂര്യകിരണങ്ങൾ തട്ടിയുണർത്തുന്ന
പൊന്നിൻ പുലർപ്രഭാതങ്ങളും
മഴ പെയ്ത നേരത്ത്
മനസ്സിനകച്ചെപ്പിൽ

ആയിരം പൂക്കൾ വിരിഞ്ഞ കാലം
എങ്ങോ പരന്നൊരു വണ്ടിന്റെ ഗാനം
മൂളി നടന്നൊരു ബാല്യകാലം
മാനത്തെ കൊട്ടാര മുറ്റത്തു ഞാൻ
നട്ടുമുല്ലയിൽ പൂക്കൾ വിരിഞ്ഞ കാലം
വർണ്ണപ്പകിട്ടാർന്ന ബാല്യകാലം
സ്വപ്നം പോൽ മാഞ്ഞ വസന്തകാലം

## സഹനത്തിന്റെ പാത

എല്ലാ നാമത്തിനും ഉപരിയായ നാമം
ഈശോ എന്ന ആരാധ്യമായ നാമം
ദൈവനാമത്തെ സ്തുതിക്കാം നമുക്ക്
പാപത്തിൽ നിന്നും വിമോചനം നേടിടാം
രക്ഷയിലേയ്ക്കുള്ള മാർഗ്ഗദീപമാണീശോ
സ്നേഹത്തോടെ നമ്മെ ആശ്ലേഷിച്ചാശ്ലേഷിച്ച്
ആശ്വാസം പകരും സ്നേഹനിധിയാം ഈശോ
ആനന്ദമേകും പരമനാഥനാണീശോ
കാരുണ്യവാസം ആ സ്വർഗ്ഗപിതാവ്
മനുഷ്യകുലത്തിൻ രക്ഷക്കുവേണ്ടി
പപക്കറകളിൽ നിന്നും മോചിതനായി
തന്നു ഒരു രക്ഷാനാമം യേശു എന്ന നാമം
സഹനത്തിൻ തീച്ചൂളയിൽ ഉരുകുന്ന മക്കൾക്കായി
രോഗത്തിൻ പടുകുഴിയിൽ താഴുന്ന മനുജർക്കായി
സ്വർഗ്ഗപിതാവ് നൽകിയ വലിയ ദാനം
മാനവകുലത്തിനായി തന്ന യേശുനാമം

സ്തുതിക്കാം നമുക്കാ രക്ഷാനാമത്തെ
പാടിപുകഴ്ത്തിടാം പാരിൻ നാഥനെ
സന്തോഷമേകിടും എന്നാത്മനാഥൻ
കാരുണ്യമേകിടും സ്നേഹസ്വരൂപൻ

## കുസൃതി ചോദ്യങ്ങൾ (ഫലിതം)

1. ലോകത്തിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നത് ?
2. പെണ്ണിനേക്കാൾ കൂടുതൽ പൂവ് ചൂടുന്ന ആണ് ?
3. ഒരിക്കലും ഐസാവാത്ത വെള്ളം ?
4. സ്ത്രീകൾ വിമ്മിഷ്ടപെടുന്നതെപ്പോൾ ?
5. സംസാരിച്ചാൽ പൊട്ടുന്ന ലെൻസ് ?
6. ഏറ്റവും കൂടുതൽ അമ്മമാരുള്ള നാട് ?
7. ചുണ്ട് ചുണ്ടോട് ചേർത്താൽ എന്തു സംഭവിക്കും ?
8. കൈയ്യിലണിയാൻ പറ്റാത്ത വള ?
9. താക്കോലില്ലാത്ത മണിചെപ്പ് തുറന്നപ്പോൾ, സ്വർണം. എന്താണ് ?
10. ഒരിക്കലും കയറാൻ പറ്റാത്ത കാർ ?

ഉത്തരം ?

## പ്രകൃതി പാഠം

തൊട്ടാലുടൻ തന്നെ നാണിച്ചുപോകുന്ന
തൊട്ടാവാടിക്കൊരു പൂവുവന്നു
എന്തൊരു ചന്തം! ആ പൂവിറുത്തീടുവാൻ
എന്നുണ്ണി മോഹിച്ചടുത്തുചെന്നു

മൊട്ടിട്ടുനിൽക്കുമാ പൂച്ചെടിച്ചന്തത്തെ
ഒട്ടുകുനിഞ്ഞൊന്നു തൊട്ടേയുള്ളൂ
പൂവിൻ ചോട്ടിലെ മുള്ളിൻ  മുനകൊണ്ടു
പാവമെന്നുണ്ണി കൈപിൻവലിച്ചു
പിന്നെയാ പിഞ്ചുവിരൽത്തുമ്പിലായൊരു
ചെന്നിണത്തുള്ളി പൊടിഞ്ഞുവന്നു
“പാവമാമിത്തിരിപ്പൂവിനുമുണ്ടൊരു
കാവലാൾ! കൈയ്യേറാൻ നോക്കിടേണ്ട”
അമ്മതൻ ചൊല്ലുപോലെതോമരക്കൊമ്പിൻ
അന്നേരമേതോ കിളി ചിലച്ചു.

ഒ.എൻ.വി

# കാക്കയുടെ അതിബുദ്ധി

കൗശലക്കാരനായ ഒരു കാക്ക ഉണ്ടായിരുന്നു. താൻ മഹാകേമോനാണെന്നാണ് അവൻ കരുതിയിരുന്നത്. ഒരു ദിവസം നേരിയ അശ്രദ്ധകൊണ്ട് അവൻ ഒരു വേടന്റെ വലയിൽ അകപ്പെട്ടു.

രക്ഷപ്പെടാൻ അവൻ പലവഴികളും നോക്കിയെങ്കിലും ഒന്നും വിജയിച്ചില്ല. ഒടുവിൽ ബുദ്ധികൊണ്ട് രക്ഷപെടാമെന്ന് അവൻ കണക്കുകൂട്ടി അതിനായി അവൻ വേടനെ കാത്ത് ഇരിപ്പായി.

കുറേകഴിഞ്ഞപ്പോൾ വേടൻ വന്നു. അയ്യാൾ കാക്കയെ പിടികൂടി. കാക്ക അല്പം പോലും പേടി പുറത്തുകാട്ടാതെ പറഞ്ഞു.

എന്നെപ്പോലെ ഒരു കൗശലക്കാരനെ വലയിലാക്കിയ നിങ്ങൾ മിടുക്കൻ തന്നെ. എന്നെ വെറുതെ വിട്ടാൽ ഞാൻ ധാരാളം കാക്ക

കളെ ആകർഷിച്ചുകൊണ്ടുവന്ന് നിങ്ങളുടെ വലയിൽ വീഴ്ത്തിതരാം. അത് നമുക്ക് രണ്ടുപേർക്കും ഗുണമുള്ള കാര്യമാണ്.

അതുകേട്ട വേടൻ പറഞ്ഞു.

നിന്നെ വെറുതെ വിടണമെന്നു പറഞ്ഞത് നല്ല കാര്യമാണ്. പക്ഷെ മറ്റു കാക്കകളെ പറ്റിച്ച് എന്റെ വലയിൽ ആക്കിതരാമെന്നു പറഞ്ഞത് തീരെ ശരിയായ സംഗതി അല്ല. അതു ചതിയാണ്. ഒരു ചതിയന്റെ വാക്കുകൾ ഒരിക്കലും വിശ്വസിക്കാൻ പാടില്ല, കാരണം അവർ ഒരിക്കലും വാക്കു പാലിക്കുകയില്ല. അതുകൊണ്ട് നിന്നെ വെറുതെ വിടുന്ന പ്രശ്നമേ ഇല്ല.

കാക്ക അവന്റെ ദുർബുദ്ധി ഓർത്ത് ദു:ഖിച്ചു. വേടൻ കാക്കയെ കാലിൽ കെട്ടി തൂക്കി വീട്ടിലേയ്ക്ക് കൊണ്ടുപോയി.

## ചക്രവർത്തിയുടെ പുതിയ നിയമം

പണ്ട് പണ്ടു ചൈനയിൽ ഒരു മരമണ്ടൻ ചക്രവർത്തി ഉണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം വിചിത്രമായ ഒരു കല്പന പുറപ്പെടുവിച്ചു. “ആരവിടെ? ഇന്നുമുതൽ പത്തു യുവാനിൽ കുറഞ്ഞ നാണയങ്ങൾ ആരും ഉപയോഗിക്കരുത് നമ്മുടെ കല്പന ലംഭിക്കുന്നതാണ്.” ഈ കല്പന കേട്ട് ആ നാട്ടിലെ എല്ലാ ജനങ്ങളും വിഷമിച്ചു. ഈ കല്പന എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കി അക്കാലത്ത് ചൈനയിൽ കൃഷിക്കാർക്ക് കിട്ടുന്ന ഒരു ദിവസത്തെ കൂലി പത്തു യുവാൻ ആയിരുന്നു.

മണ്ടൻ ചക്രവർത്തിയുടെ പുതിയ നിയമം ജനങ്ങളെ വല്ലാതെ കഷ്ടപ്പെടുത്തി ചക്രവർത്തിയുടെ കല്പനയല്ലേ മറുത്തു വല്ലവരും മിണ്ടിപോയാൽ തല പോയതു തന്നെ. എന്നാൽ ചിലർ ഇത് അങ്ങനെ വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. കൊട്ടാരം കോമാളികളായിരുന്നു ഇതിന്റെ പിന്നിൽ. ഒരു ദിവസം അവർ ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ ഒരു കോമാളി നാടകം നടത്തി. ഇതിൽ ഒരു കോമാളി മദ്യവ്യാപരിയായി വേഷമിട്ടു. മറ്റൊരു കോമാളി കുടിയനായും.

കുടിയന് ഒരു യുവാൻ വിലയുള്ള മദ്യം വേണം. പക്ഷേ അയാളുടെ കൈയിലുള്ളതത്രയും പത്തുയുവാൻ നാണയങ്ങളും. ഒടുവിൽ അയ്യാൾ പത്തുയുവാനിനും മദ്യം കുടിക്കേണ്ടിവന്നു. ഒരു യുവാൻ നാണയങ്ങളില്ലെങ്കിൽ പിന്നെ എന്തുചെയ്യും. ? നൂറു യുവാൻ മാത്രമേ ഉപയോഗിക്കാവൂ എന്ന നിയമമില്ലാത്തത് നമ്മുടെ ഭാഗ്യം. കുടിയൻ കോമളിയുടെ പറച്ചിൽ കേട്ട് ചക്രവർത്തിയടക്കം എല്ലാവരും പൊട്ടിച്ചിരിച്ചുപോയി. ഇതോടെ ചക്രവർത്തിക്ക് തന്റെ തെറ്റ് മനസ്സിലാവുകയും പുതിയ നിയമം ഉടനെ ഉപേക്ഷിക്കുവാൻ ഉത്തരവിടുകയും ചെയ്തു.

## കോഴിയമ്മയും മക്കളും

കോഴിയമ്മയ്ക്ക് മൂന്ന് കോഴിക്കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. മഹാഅഹങ്കാരികൾ ആയിരുന്നു അവർ. ഒരു ദിവസം കോഴിയമ്മയും കോഴികുഞ്ഞുങ്ങളും തീറ്റതേടി ഇറങ്ങി. “ദൂരേയ്ക്കു പോകരുത് വലിയ അപകടമാണ് ” കോഴിയമ്മ പറഞ്ഞു. പക്ഷേ അഹങ്കാരികളായ കോഴികുഞ്ഞുങ്ങൾ കോഴിയമ്മകാണാതെ

ദൂരേയ്ക്കു നടന്നു. പെട്ടന്ന് ഒരു പരുന്ത് അവിടെ എത്തി. കോഴി കുഞ്ഞുങ്ങൾ പേടിച്ചുപോയി. " രക്ഷിക്കണേ..." കോഴികുഞ്ഞു ങ്ങൾ കരഞ്ഞുകൊണ്ട് കോഴിയമ്മയുടെ അടുത്തെത്തി. കോഴി യമ്മ ചിറകിനടിയിൽ അവരെ ഒളിപ്പിച്ചു. ഇതു കണ്ട പരുന്ത് പറ ന്നുപോയി. "അമ്മേ ഞങ്ങളോട് ക്ഷമിക്കണേ" കോഴികുഞ്ഞുങ്ങൾ പറഞ്ഞു. പിന്നീട് ഒരിക്കലും കോഴികുഞ്ഞുങ്ങൾ അനുസരണകേട് കാട്ടിയിട്ടില്ല.

Asha Sunil

ഒരു വിശാലയമായ പുഴ. ആ പുഴയുടെ പേരെന്താണെന്നറി യണ്ടേ ..? സരസു പുഴ. ആ പുഴയുടെ മറുവശത്ത് വിശാലമായ പുൽപരപ്പും പൂത്ത് നിൽക്കുന്ന പൂക്കളും. ആ ഗ്രാമത്തിലെ ആളു കൾ പാവങ്ങളായിരുന്നു. പരസ്പരം എല്ലാ സാധനങ്ങളും കൊടുത്തും വാങ്ങിയും അവർ ജീവിച്ചു. അവരുടെ മുഖ്യതൊഴിൽ കന്നുകാലി വളർത്തലും കൃഷിയുമായിരുന്നു. കൃഷിചെയ്യാൻ പറ്റിയ ഫലഭൂയിഷ്ഠമായ മണ്ണാണ് ആ ഗ്രാമത്തിലുള്ളത്. സരസു പുഴയിൽ നിന്നാണ് അവർ വെള്ളം എടുക്കാറുള്ളത്. പുഴയുടെ മറുവശത്തെ പുൽപരപ്പിലാണ് അവർ കന്നുകാലികളെ തീറ്റുക. സന്തോഷിച്ചും കളിച്ചും അവർ അവിടെ കഴിഞ്ഞു. അപ്പോൾ ഒരു ദിവസം പുഴയിലെ വെള്ളം കോരാൻ പോയ സ്ത്രീകൾ കണ്ട കാഴ്ച്ച ഇതാണ്. പുഴ ആകെ മലിനപ്പെട്ടിരിക്കുന്നു അവരുടെ കന്നുകാലികളെയും കാണാനില്ല. അവർ ആകെ സങ്കടപ്പെട്ടിരിക്കു കയായിരുന്നു. പെട്ടന്ന് കുറെ കള്ളന്മാർ വന്ന് കന്നുകാലികളെ കൊണ്ടുപോയി. വെടിമരുന്നിന്റെ പൊടി ആ പുഴയിൽ കലർത്തി. അവർ പേടിയിൽ കഴിഞ്ഞപ്പോൾ അവർ എല്ലാവരും ചേർന്ന് ദേവി

യോട് പ്രാർത്ഥിച്ചു. പിറ്റേദിവസം ഒരു വൃദ്ധ അവിടേയ്ക്കു വന്നു. എന്നിട്ട് അവരോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് വിഷമിക്കുന്നത്....? അവർ നടന്ന സംഭവം വൃദ്ധയോട് പറഞ്ഞു. വൃദ്ധ അവരോട് പറഞ്ഞു. നിങ്ങളുടെ കന്നുകലിയെ നിങ്ങൾക്ക് തിരിച്ചുകിട്ടുമെന്ന് എന്നിട്ട് വൃദ്ധ പുഴയിൽ പോയി കാലുകഴുകി. വൃദ്ധ കാലുകഴുകിയപ്പോൾ ആ പുഴ ശുദ്ധമായി തെളിനീരായ വെള്ളമായി മായം ഒന്നുമില്ലാത്ത ശുദ്ധമായ വെള്ളം. അവർ സന്തോഷിച്ചു. പക്ഷെ അപ്പോഴും അവരുടെ ഒരേ ഒരു സങ്കടം അവരുടെ കന്നുകാലികളെ തിരികെ ലഭിച്ചില്ല. അവർ ഗ്രാമത്തിലേയ്ക്ക് പോയപ്പോൾ അവരുടെ കാലികൾ അവിടെ പുല്ലുതിന്നു. അവർ സന്തോഷത്തോടെ അർപ്പുവിളിച്ചു. പിന്നീട് അവർക്ക ആ വൃദ്ധയെ അവിടെയെങ്ങും കാണാൻ സാധിച്ചില്ല. അവവർ ദേവിയോട് പ്രാർത്ഥിച്ചു, നന്ദികൾ നൽകി സന്തോഷത്തോടെ വീടുകളിലേയ്ക്ക് തിരികെ പോയി.

സോനു വർഗ്ഗീസ്

കർഷകർക്ക് സമ്മാനം

പച്ചപുതച്ചുനിൽക്കുന്ന വയൽ, അതിൽ സൂര്യവെളിച്ചത്തിൽ പൊന്നുപോലെ വെട്ടിത്തിളങ്ങുന്ന നെൽക്കതിരുകൾ. രാമന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ കാണുന്ന ഭൂമി.

മലയാടും ഗ്രാമത്തിലെ പ്രസിദ്ധനായ കൃഷിക്കാരനാണ് രാമൻ. എന്നാൽ അവിടുത്തെ അധികം ജനങ്ങളും കച്ചവടക്കാരാണ്. കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ വാങ്ങുകയും കൂടുതൽ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നതുകൊണ്ട് അവർ പെട്ടനു തന്നെ പണക്കാരായി. എന്നാൽ കർഷകരുടെ അവസ്ഥ അതായിരുന്നില്ല. ഒരു വർഷം മഴ കൂടുതൽ ലഭിക്കുകയോ കുറയുകയോ ചെയ്താൽ അവരുടെ സ്ഥിതി മഹാകഷ്ടം തന്നെയാണ്. അതുകൊണ്ടുതന്നെ കർഷകരെല്ലാം പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടി.

രാമനും വലിയ ക്ഷ്ടപാടുതന്നെയായിരുന്നു. അതോടെ അയ്യാളൊരു തീരുമാനമെടുത്തു. ഇനി തന്റെ മക്കളെയൊന്നും താൻ കൃഷിക്കാരാക്കില്ല. അവരെയെല്ലാം പഠിപ്പിച്ച് വലിയ ഉദ്യോഗസ്ഥരാക്കണം. അല്ലെങ്കിൽ ബിസിനസ്സുകാരാക്കണെ. കാലങ്ങൾ കടന്നുപോയി രാമൻ വൃദ്ധനായി അയ്യാൾക്ക് കൃഷിചെയ്യാൻ കഴിയാതായതോടെ തോട്ടം വേറൊരാൾക്ക് വിറ്റു.

പലകർഷകരും അതുപോലെ ചെയ്തതോടെ കർഷകരുടെ നിരക്ക് ആ ഗ്രാമത്തിൽ കുറയാൻ തുടങ്ങി. ഭക്ഷ്യധാന്യങ്ങൾ എങ്ങും കിട്ടാതെ വന്നുതുടങ്ങി. അങ്ങിനെ ആ ഗ്രാമത്തിൻ പട്ടിണി ആരംഭിച്ചുതുടങ്ങി. വിശപ്പിന് ഭക്ഷണം കിട്ടാതയതോടെ കച്ചവടക്കാരെല്ലാം ഒരുമിച്ചുകൂടി ഒരു തീരുമാനമെടുത്തു. ഇ നാട്ടിൽ കർഷകർ കുറഞ്ഞുവരികയാണ് അതുകൊണ്ട് അഥ് നില നിർത്താൻ നമുക്ക് ഒരു കാര്യം ചെയ്യാം ഒരു കുടുംബത്തിലെ എല്ലാവരും കൃഷിക്കാരാണെങ്കിൽ ആ കുടുംബത്തെ കർഷകകുടുംബം എന്ന പേര് നൽകി ആദരിക്കുകയും കർഷക കുടുംബത്തിന് സമ്മാനങ്ങൾ നൽകുകയും ചെയ്യാം എന്ന് തീരുമാനിച്ചു.

കച്ചവടക്കാർ ധാരാളം സമ്മാനങ്ങൾ വാങ്ങി കൃഷിക്കാരുടെ വീട്ടുകാരെ തേടിപിടിച്ചു അവർക്കുവേണ്ടി ഒരു വേദി ഒരുക്കി. എന്നാൽ വാങ്ങിയ സമ്മാനങ്ങളെല്ലാം വെറുതെയായി. എന്തെന്നാൽ ഗൃഹനാഥൻ കൃഷിക്കാരനായിരുന്നാൽ അദ്ദേഹത്തിന്റെ മക്കളെല്ലാം മറ്റു തൊഴിലുകളിൽ വ്യാപൃതരായിരുന്നു. ആ തീരുമാനം വെറുതെയായി, പണം ചിലവഴിച്ച കച്ചവടക്കാർക്കെല്ലാം ഇളിഭ്യരായി മടങ്ങേണ്ടി വന്നു.

ഹരികൃഷ്ണ.സി.എച്ച്
9ബി